DESPATCHED
On... 08/06/2020
17.3.20




സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


ഹർജി നമ്പർ **AP.1044*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.**6676**/*എസ്.ഐ.സി-ജി* **6/18**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. കാദർ ഹാജി
കുളത്തിങ്ങൽ ഹൗസ്
മുളയങ്കാവ് പി.ഒ
പിൻ 679 337
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് സെക്രട്ടറി
കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്
മുളയൻകാവ് പി.ഒ
പാലക്കാട്-679 337
2. അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
പാലക്കാട്

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരിയുടെ ഉത്തരവ് അലക്ഷ്യഭാവത്തോടെ കണ്ടാണ് മറുപടി നൽകിയതെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1ൽ 2018 ഡിസംബർ 17–ാം തീയതി കുലുക്കല്ലൂർ പഞ്ചായത്തിന്റെ പ്രസിഡന്റ് ആരായിരുന്നുവെന്നും, അല്ലെങ്കിൽ പ്രസിഡന്റിന്റെ അധിക ചുമതല വഹിച്ചിരുന്ന ആളിന്റെ പേരും വിലാസവും നൽകണമെന്നും ഇനം 2ൽ ടി പഞ്ചായത്തിൽ 16–ാം വാർഡിൽ പരപ്പനത്തോട് കയ്യേറിയതായി എത്ര കയ്യേറ്റക്കാരുണ്ടെന്നും എത്ര സ്ഥലത്ത് തോട് കയ്യേറിയിരിക്കുന്നു. ഓരോരുത്തരും എത്ര സെന്റ് വീതം കയ്യേറിയിരിക്കുന്നുവെന്നും തുടങ്ങി 14 ഇനങ്ങളിലുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1ന് കദീജ എം.കെ.മെച്ചേരിക്കുന്നത്ത് (പ്രസിഡന്റ് ഇൻ ചാർജ്) എന്നും ഇനം 2ന് സ്ഥലം സംബന്ധിച്ച വിവരങ്ങൾ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണെന്നും തുടങ്ങി 14 ഇനങ്ങൾക്കും മറുപടി നൽകി.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 15.02.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 2,8,9,12,14 എന്നീ ചോദ്യങ്ങൾക്ക് മറുപടി അപ്പീൽ അധികാരി അനുവദിച്ചു നൽകണമെന്നുമാണ്.

5. 25.02.2019 ന് അപ്പീൽ അധികാരിയുടെ ഓഫീസിൽ നിന്നും നൽകിയ മറുപടിയിൽ അറിയിച്ചത് 13.03.2019 തീയതി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ഹാജരാകേണ്ടതാണെന്നുമാണ്. 13.03.2019 ന് നൽകിയ അപ്പീൽ തീർപ്പാക്കിയ

ഉത്തരവിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ വിവരങ്ങൾ നൽകിയെങ്കിലും പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് കാണുന്നുവെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട 2,14 എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനായി അപേകഷ ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് സെക്ഷൻ 6(3) പ്രകാരം കൈമാറി നൽകിയിട്ടില്ലെന്നും, 8,9 ചോദ്യങ്ങൾക്ക് ഉണ്ടോ ഇല്ലയോ എന്നതിന് പകരം ബാധകമല്ലെന്നാണ് കാണിച്ചിരിക്കുന്നതെന്നും, 12-ാം ചോദ്യത്തിന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന മറുപടി നൽകിയെങ്കിലും ഔദ്യോഗിക രേഖകൾ മതിയായ വിശദീകരണമില്ലാതെ കൈമോശം വരുത്തുന്നത് ഭരണപരമായ ചുമതലകളുടെ ലംഘനമാണെന്നും, അപ്പീൽ അധികാരിയുടെപേര് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ടി കാര്യങ്ങൾ മേലിൽ ആവർത്തിക്കരുതെന്നും 2,8,9,12,14 എന്നിവയ്ക്കുള്ള മറുപടി 7 ദിവസത്തിനകം നൽകണമെന്നുമാണ്. 25.03.2019 ന് എസ്.പി.ഐ.ഒ ഹർജിക്കാരൻ മറുപടി നൽകി.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് വ്യക്തമായി മറുപടി നൽകിയതായി കാണുന്നില്ല. ഹർജിക്കാരൻ നൽകിയ അപ്പീലിന് അപ്പിൽ തീർപ്പാക്കിക്കൊണ്ട് അപ്പീൽ അധികാരി നിർദ്ദേശിച്ച കാര്യങ്ങൾ എസ്.പി.ഐ.ഒ പാലിച്ചതായും കാണുന്നില്ല. ടി കാര്യങ്ങൾ കമ്മീഷൻ ഗൗരവതരമായി കണക്കാക്കുന്നു. ഹർജിക്കാരന് എതിർകക്ഷി സമയബന്ധിതമായി കൃത്യമായ മറുപടി നൽകിയിട്ടില്ല എന്നതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെ

ങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res

RIGHT TO INFORMATION